**D1AML2101** **(2 Pages)**

**Name..............................**

**Reg.No...........................**

# FIRST SEMESTER M.A DEGREE EXAMINATION, NOVEMBER 2021

## (Regular/Improvement/Supplementary)

## MALAYALAM

**FMAL1C01–** പ്രാചീന മധ്യകാല കവിത

**Time: 3 Hours** **Maximum Weightage: 30**

ഭാഗം **I: 1** മുതൽ **7** വരെയുള്ള ചോദ്യങ്ങളിൽ **4** എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും **2** വെയ്റ്റേജ് വീതം.

1. തെക്കൻപാട്ട് എന്നാൽ എന്ത്?
2. കാർഷികവൃത്തിയുമായി ബന്ധപ്പെട്ട നാടൻ പാട്ടുകൾക്ക് ഉദാഹരണങ്ങൾ എഴുതുക.
3. പാട്ട് പ്രസ്ഥാനത്തിന് ലീലാതിലകകാരൻ നൽകുന്ന നിർവചനവും വിശദീകരണവും എഴുതുക.
4. രാമകഥാപ്പാട്ടിന്റെ പ്രധാന സവിശേഷതകൾ ഏവ?
5. കിളിപ്പാട്ട് വൃത്തത്തിന്റെ സവിശേഷതകൾ എന്ത്?
6. മണിപ്രവാള വിഭാഗങ്ങൾ ഏവ?
7. കഞ്ഞുപാട്ടിന്റെ സവിശേഷതകൾ എന്ത്?

**(4 x 2= 8 വെയ്റ്റേജ്)**

ഭാഗം **II: 8** മുതൽ **14** വരെയുള്ള ചോദ്യങ്ങളിൽ **4** എണ്ണത്തിന് **4** പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. ഓരോന്നിനും **3** വെയ്റ്റേജ് വീതം.

8. "പാണ്ഡവരൈമെക്കൾക്ക്
   ഞാൻ മാരണം വെച്ചുകൊള്ളാം"– സൂചിത സന്ദർഭവും ആശയവും വിശദമാക്കുക.
9. 'ലളിതവൽക്കരിക്കപ്പെട്ട ആത്മീയ തത്വങ്ങളുടെ ആവിഷ്കാരമാണ് ജ്ഞാനപ്പാനയുടെ അടിസ്ഥാനം' എന്ന നിരീക്ഷണം എത്രത്തോളം യുക്തിസഹമെന്ന് പരിശോധിക്കുക.
10. “രത്നശ്രേണീകനകനിചയം കാഴ്ചയും വച്ചു കാണ്മാൻ
    തിക്കിത്തുട്ടും പുനരറികിലോ നാവികാനാം നികായം
    അപ്പോഴേ നീ നരവര ! പുറപ്പെട്ടു മൂവന്തി നേരം
    മുച്ചന്തിക്കൽ ച്ചുഴല മരുവും വാണിയം കാൺക പിന്നെ”
    സൂചിതസന്ദർഭം, ആശയം എന്നിവ വിശദമാക്കുക.

(XpSÀ¨....2)

11. പച്ചമലയാളപ്രസ്ഥാനത്തിൽ കുണ്ടൂർ നാരായണമേനോന്റെ സ്ഥാനം അടയാളപ്പെടുത്തുക.
12. "കലയും കമലയുമെപ്പോലേ തവ
    കലയ മാമപി നീയെപ്പോലേ."–
    സന്ദർഭം, ആശയം എന്നിവ വിശദമാക്കുക.

13. മലയാളകാവ്യലോകത്തിൽ സംസ്കാരവൈവിധ്യവും സംസ്കാര സമന്വയവും സാധ്യമാക്കാൻ മിഷനറി സാഹിത്യത്തിനും മാപ്പിളപ്പാട്ടിനും എത്രത്തോളം സാധ്യമായിട്ടുണ്ടെന്ന് പരിശോധിക്കുക.

14. കവിതയിലെ ബഹുകർതൃത്വത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

**(4 x 3= 12 വെയ്റ്റേജ്)**

ഭാഗം **III: 15** മുതൽ **18** വരെയുള്ള ചോദ്യങ്ങളിൽ **2** എണ്ണത്തിന് **6** പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. ഓരോന്നിനും **5** വെയ്റ്റേജ് വീതം.

15. 'പ്രാചീന മണിപ്രവാളകാവ്യങ്ങളിൽ സ്ത്രീ വർണ്ണനകൾക്കൊപ്പം തന്നെ സ്ഥാനമുള്ളവയാണ് അങ്ങാടിവർണ്ണനകൾ' എന്ന പ്രസ്താവന എത്രത്തോളം ശരിയെന്ന് പരിശോധിക്കുക.

16. ഭക്തിയുടെയും അധികാരവ്യവസ്ഥയോടുള്ള ആഭിമുഖ്യത്തിന്റെയും സമന്വയമാണ് "കുചേലവൃത്തം വഞ്ചിപ്പാട്ട്" എന്ന നിരീക്ഷണം യുക്തിസഹമാണോ എന്ന് പരിശോധിക്കുക.

17. മലയാളത്തിലെ വാമൊഴിക്കവിതാപാരമ്പര്യവൈവിധ്യത്തെക്കുറിച്ച് ഉപന്യസിക്കുക.

18. നിരണം കൃതികളുടെ പ്രതിപാദന ശൈലി, വിഷയ സ്വീകരണം, ഭാഷാപരമായ സവിശേഷതകൾ എന്നിവയെക്കുറിച്ച് കണ്ണശ്ശ രാമായണത്തിലെ സുന്ദരകാണ്ഡം മുൻനിർത്തി പരിശോധിക്കുക.

**(2 x 5= 10 വെയ്റ്റേജ്)**